(ബി) വടകരതാലൂക്കിൽ, തോടന്നൂർ സബ് ഡിസ്ട്രിക്റ്റിൽപ്പെട്ട മണിയൂർ പഞ്ചായത്തിലെ 3 എയിഡഡ് പ്രൈമറി സ്കൂൾ ഇത്തരത്തിൽ സംയോജിപ്പിക്കുവാൻ മാനേജർമാർ ഡിപ്പാർട്ടുമെൻറിന്റെ അനുമതിക്കു അപേക്ഷിച്ചിരുന്നുവോ ;

(സി) ഉണ്ടെങ്കിൽ എപ്പോൾ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) കെ. ഇ. ആർ-ലെ വ്യവസ്ഥകൾക്കു വിധേയമാണെങ്കിൽ വ്യത്യസ്ത മാനേജ്മെൻറിന്റെ കീഴിലുള്ള വിദ്യാലയങ്ങൾ ഒരു മാനേജ്മെൻറിന്റെ കീഴിൽ നടത്തുവാൻ തടസ്സമൊന്നുമില്ല.

(ബി, സി) 13-1-1961-ൽ അപേക്ഷിച്ചിരുന്നു. എന്നാൽ മാനേജർമാർ തങ്ങളുടെ അപേക്ഷ പിൻവലിച്ചിരിക്കുന്നതായി 15-4-1962-ൽ വടകര ഡി. ഇ. ഓ. യെ എഴുതി അറിയിക്കുകയും ചെയ്തു.

ശ്രീ. പി. നാരായണക്കുറുപ്പ് : അങ്ങനെ വ്യത്യസ്ത സ്കൂളുകൾ ഏകീകരിക്കുമ്പോൾ വ്യത്യസ്ത സ്കൂളുകളിലുള്ള അദ്ധ്യാപകരുടെ സീനിയോറിറ്റി മുതലായവയെപ്പറ്റി ഗവണ്മെൻറു പരിഗണിക്കാറുണ്ടോ ? ഇല്ലെങ്കിൽ അവയെല്ലാം അവരുടെ താൽപ്പര്യങ്ങൾക്കു ഹാനികരമല്ലാത്തവിധത്തിൽ കൊണ്ടുവരുന്നതിനെപ്പറ്റി ഗവണ്മെൻറു ആലോചിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഗവണ്മെൻറിന്റെ ഉദ്ദേശവും അതുതന്നെയാണു്. അതുകൊണ്ടുമാത്രമാണു് കെ. ഇ. ആർ. വ്യവസ്ഥകൾക്കു വിധേയമായിട്ടു മാത്രമേ അനുവാദം കൊടുക്കുകയുള്ളു എന്നു വച്ചിരിക്കുന്നതു്. അല്ലാതെ ചെയ്യുന്നതായാൽ ചില അദ്ധ്യാപകരുടെ താൽപ്പര്യങ്ങൾക്കു അവിരുദ്ധമായിട്ടു വരാൻ ഇടയുണ്ടു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : അദ്ധ്യാപകരുടെ താൽപ്പര്യങ്ങൾക്കു വിരുദ്ധമാകാൻ ഇടയാകാതെ നോക്കുന്നതോടൊപ്പം ഇന്നു നിലവിലുള്ള വിദ്യാലയങ്ങളിൽ പ്രബോധനം ആരംഭിച്ചു വരുന്ന കുട്ടികൾക്കു പ്രബോധനം ലഭിക്കുന്നതിനു തടസ്സം വരാത്തവിധത്തിലുകൂടി ഈ വിദ്യാലയസംയോജനം നടത്തുന്നതിനു ശ്രദ്ധിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : രണ്ടു മാനേജ്മെൻറിന്റെ കീഴിലുള്ള വിദ്യാലയങ്ങൾ ഒരു മാനേജ്മെൻറിന്റെ കീഴിൽ ആക്കുക എന്നതു മാത്രമേ ഇപ്പോൾ ഇതുകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളു.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : അങ്ങനെ സംയോജിക്കുന്നതോടൊപ്പം സ്കൂളുകൾ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ശ്രമവും ഇതോടൊപ്പം നടക്കുകയില്ലേ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഒരു മാനേജ്മെൻറിന്റെ കീഴിൽ വ്യത്യസ്ത മാനേജ്മെൻറിന്റെ കീഴിലുള്ള സ്കൂളുകൾ കൊണ്ടുവരുന്നതിനെപറ്റിയാണു് ഇവിടെ ചോദ്യം. ഈ ചോദ്യം അതോടു ബന്ധപ്പെട്ടതല്ല.

ഗവണ്മെൻറു് കടമായി കൊടുത്തിട്ടുള്ള തുക

* 849. [20] ശ്രീ. കെ. മാർഗ്ഗവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പദ്ധതിയുടെ ആരംഭം മുതൽ കഴിഞ്ഞ മാർച്ചുമാസംവരെ വിവിധ ഇനങ്ങളിലായി ഗവണ്മെൻറു് ആകെ എത്രലക്ഷം രൂപ ലോൺ ആയി കൊടുത്തിട്ടുണ്ടു് ;

(ബി) ഇതിൽ നാളതുവരെ പിരിഞ്ഞുകിട്ടിയിട്ടുള്ള തുക എത്ര ;

(സി) ഇനി പിരിഞ്ഞുകിട്ടാനുള്ള തുക എത്ര ;

(ഡി) ഇതിൽ കിട്ടാക്കടമായി എഴുതിത്തള്ളേണ്ടിവന്ന തുക എത്ര ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 1–4–1956 മുതൽ 31–3–1963 വരെ ആകെ 35,77,00,367 രൂപ 23 നയാപൈസ വിവിധ ഇനങ്ങളിലായി ഗവണ്മെന്റു് ലോൺ കൊടുത്തിട്ടുണ്ടു്.

(ബി) ഈ ഇനത്തിൽ 31–3–1963 വരെ 8,03,79,857 രൂപ 71 നയാപൈസ പിരിഞ്ഞുകിട്ടിയിട്ടുണ്ടു്.

(സി) 27,72,60,816 രൂപ 43 നയാപൈസ ഇനി പിരിഞ്ഞുകിട്ടാനുണ്ടു്.

(ഡി) 59,693 രൂപ 9 നയാപൈസ ഇതിൽ കിട്ടാക്കടമായി എഴുതിത്തള്ളി.

ശ്രീ. കെ. ഭാർഗ്ഗവൻ: ഇപ്പോഴത്തെ ഡ്യൂ ആയിട്ടു കിടക്കുന്ന പണം എത്രയുണ്ടെന്നു പറയാമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഡ്യൂ ആയിട്ടു് എത്രരൂപ പിരിഞ്ഞുകിട്ടാനുണ്ടെന്നുള്ളതിന്റെ കണക്കു് എന്റെ കൈവശം ഇപ്പോൾ ഇല്ല.

പത്രപ്രവർത്തകരുടെ വേജ്ബോർഡു് തീരുമാനങ്ങൾ.

* 850. [21] ശ്രീ. കെ. ഹസ്സൻ ഗനി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തകരുടെ 1-ാം വേജ്ബോർഡു് തീരുമാനങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) കേരളത്തിലെ ഏതെല്ലാം പത്രങ്ങൾ ഈ വേജ് ബോർഡു് തീരുമാനം അനുസരിച്ചു് ശമ്പളം പത്രപ്രവർത്തകർക്കു കൊടുക്കുന്നുണ്ടു്;

(സി) കേരളത്തിൽ പ്രസ് കൗൺസിൽ രൂപീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ;

(ഡി) അക്രഡിറ്റേഷൻ നൽകിയിട്ടുള്ള എത്ര പത്രപ്രതിനിധികൾ ഉണ്ടു്; അവർ ഏതെല്ലാം പത്രങ്ങളുടേതാണു്;

(ഈ) കേരള വർക്കിംഗ് ജേർണലിസ്റ്റ് അസോസിയേഷനിൽനിന്നും ഈ രംഗത്തുള്ള ഐ. ആർ. സി. കമ്മിറ്റി പുനഃസംഘടിപ്പിക്കാനാവശ്യപ്പെട്ടുകൊണ്ടു് പ്രമേയങ്ങളോ, നിവേദനമോ ലഭിച്ചിട്ടുണ്ടോ;

(എഫ്) ഡിസ്മിക്കറ്റ് അക്രഡിറ്റേഷൻ പത്രപ്രതിനിധികൾക്കു നൽകുന്ന കാര്യം ഗവണ്മെന്റു പരിഗണിക്കുമോ?

ഗതാഗതവും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) ഉണ്ടു്.

(ബി) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(സി) ഉദ്ദേശിക്കുന്നുണ്ടു്.

(ഡി) 35. ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(ഈ) കേരളാ വർക്കിംഗ് ജേർണലിസ്റ്റു് യൂണിയന്റെ സെക്രട്ടറിയിൽനിന്നും ഒരു പെറ്റീഷൻ കിട്ടിയിട്ടുണ്ടു്.

(എഫ്) ഇക്കാര്യം പരിഗണിച്ചു എന്നാൽ ''കേരളാ ന്യൂസ് പേപ്പർ പ്രൊപ്രൈറ്റേഴ്സ് അസോസിയേഷൻ'' ഇക്കാര്യത്തിൽ വിയോജിപ്പുമൂലം വേണ്ടെന്നുവച്ചു.

ശ്രീ. കെ. ഹസ്സൻഗനി: പ്രസ് കാൺഫറൻസ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നു പറഞ്ഞു; എന്നേക്കു് എപ്പോൾ രൂപീകരിക്കാനാണു് തീരുമാനിച്ചിട്ടുള്ളതു്?

ശ്രീ. കെ. ടി. അച്യുതൻ: എന്നേക്കു് ആണെന്നു് ഇപ്പോൾ കൃത്യമായി പറയാൻ നിവൃത്തിയില്ല.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly